നാൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും 1998-99 വർഷത്തെ കണക്കുകൾ ശേഖരിച്ചുവരുന്നതേയുള്ളൂ. 1997-98-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 42 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരും ലാഭത്തിന്റെ കണക്കും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

16 (1242) കിൻഫ്രായുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വ്യവസായ പാർക്കുകൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിൻഫ്രായുടെ ആഭിമുഖ്യത്തിൽ ഈ വർഷം തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായ പാർക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കിൻഫ്ര ഈ വർഷം പുതുതായി നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കുന്ന പ്രോജക്ടുകൾ താഴെപ്പറയുന്നവയാണ്.

1. ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം
2. ചെറുകിട വ്യവസായ പാർക്ക്, ശീതഗോളി, കാസർഗോഡ്
3. ചെറുകിട വ്യവസായ പാർക്ക്, എലഞ്ഞോളി, തലശ്ശേരി
4. ചെറുകിട വ്യവസായ പാർക്ക്, വയനാട്
5. മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ, അരൂർ, ആലപ്പുഴ.

കൂടാതെ കഴക്കൂട്ടത്ത് ഫിലിം വീഡിയോ പാർക്കും ഇടുക്കി ജില്ലയിൽ ഹെർബൽ പാർക്കും കളമശ്ശേരിയിൽ ഒരു ഹൈടെക് പാർക്കും സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഈ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഈ വർഷം തന്നെ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

17 (1243) കേരളാ ഓട്ടോ മൊബൈൽസിന്റെ ഉത്പാദനശേഷി

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഉത്പാദനശേഷി എത്രയാണ്;

---

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly